# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 19, ബുധൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി**

**പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖാന്തരം സി.ഡി.എസുകൾക്ക് വായ്പ**

*361 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് പിന്നാക്ക വിഭാഗ പട്ടികയിൽ എത്ര സമുദായങ്ങൾ ഉണ്ടായിരുന്നു; വിശദമാക്കുമോ;

(ബി) പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ പുതുതായി എത്ര സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖാന്തിരം സി.ഡി.എസുകൾക്ക് വായ്പ വിതരണം നടത്തിവരുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത്തരം വായ്പാ പദ്ധതികൾ വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) 2024-25 സാമ്പത്തിക വർഷം ഈ ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

**നദികളിലെ എക്കലും ചെളിയും നീക്കം ചെയ്യാൻ നടപടി**

*362 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ്**

**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും നീക്കം ചെയ്യുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ശേഖരിക്കുന്ന മണൽ പൊതുജനങ്ങൾക്ക് വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ഇതിലൂടെ എത്ര തുക സംഭരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

**യുവാക്കൾക്കിടയിലെ മാനസികപ്രശ്നങ്ങൾ പരിഹരിക്കാൻ കർമ്മപദ്ധതി**

*363 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ മാനസികാരോഗ്യ പ്രശ്നങ്ങളും ആത്മഹത്യാ പ്രവണതയും വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പ്രതിരോധിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുമോ; വിശദമാക്കുമോ?

**പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം**

*364 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ വി ശശി**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക ക്ഷേമത്തിന് ധനസഹായം ലഭ്യമാക്കുന്നതിൽ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നിർണായകമായ ഇടപെടൽ നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(ബി) യുവസംരംഭകരുടെ നൂതനാശയങ്ങൾക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്ന പദ്ധതി കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ടോ; പ്രൊഫഷണൽ കോഴ്സുകൾ പാസായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഈ പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിലെ യുവാക്കളെ സംരംഭകരും മികച്ച വരുമാനമുള്ളവരുമാക്കി മാറ്റുന്നതിനുവേണ്ടി ആരംഭിച്ച ആദിവാസി സംരംഭക വായ്പ പദ്ധതി പ്രകാരം എന്തെല്ലാം സംരംഭങ്ങൾക്കാണ് സഹായം നൽകിവരുന്നത്; വിശദീകരിക്കുമോ;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളുടെ ശാക്തീകരണത്തിനായി കുടുംബശ്രീയുമായി സഹകരിച്ച് കോർപ്പറേഷൻ നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ?

**<u>ആഴക്കടൽ മത്സ്യബന്ധന പദ്ധതികൾ</u>**

*365 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് സർക്കാർതലത്തിൽ പരിശീലന പരിപാടികൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് ഇതിനകം പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ആഴക്കടൽ മത്സ്യബന്ധന പദ്ധതികൾക്കായി കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായം പര്യാപ്തമാണോ; ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>വിവിധ തൊഴിൽ മേഖലകളിലെ യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കാൻ നടപടി</u>**

*366 **ശ്രീ. എം.വിജിൻ**
**ശ്രീ. പി.പി. സുമോദ്**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കിടയിൽ തൊഴിൽ സമ്മർദ്ദവും ആത്മഹത്യാ പ്രവണതയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന യുവജന കമ്മീഷൻ നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവേ ഏതെല്ലാം മേഖലകളിൽ ജോലി ചെയ്യുന്നവർക്കിടയിലാണ് നടത്തിയതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ ഐ.ടി. മേഖലയിലും മാധ്യമരംഗത്തും തൊഴിൽ ചെയ്യുന്ന യുവജനങ്ങൾക്കിടയിലാണ് തൊഴിൽ സമ്മർദ്ദം കൂടുതലെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കണ്ടെത്തലുകളെ അടിസ്ഥാനമാക്കി മാനസികാരോഗ്യത്തിന് മുൻഗണന നൽകുന്നതും യുവജനങ്ങൾക്ക് പിന്തുണ നൽകുന്നതുമായ തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ?

**<u>വനം വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ</u>**